Syro Malabar Commission for Liturgy




# മത്തായി ശ്ലീഹ

ചുങ്കക്കാരിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട് ദൈവ മക്കൾക്ക് പ്രിയ പ്പെട്ടവനായി മാറിയ ശിഷ്യനാണ് മത്തായി ശ്ലീഹ. ഈശോയുടെ ഈ ലോക ജീവിതത്തിനു സാക്ഷിയും സുവിശേഷകനുമായി മാറിയ ശ്ലീഹ. യഹൂദരാൽ വെറുക്കപ്പെട്ടിരുന്ന തൊഴിൽ ചെയ്തിരുന്നവൻ ക്രിസതുദർശനത്തിലൂടെ ദൈവത്തിനും ദൈവജനത്തിനും സ്വീകാര്യനായി. റോമാ സാമ്രാജ്യത്തിനു വേണ്ടി ചുങ്കം പിരിക്കുന്നതായിരുന്നു ശ്ലീഹായുടെ തൊഴിൽ. ചുങ്കം കൂടു തൽ പിരിച്ചെടുക്കുന്നതിനു അനുസരിച്ചായിരുന്നു അന്ന് ചുങ്കക്കാരുടെ ജീവി തത്തിന്റെ വളർച്ച. അതിനാൽത്തന്നെ അധികാരികൾക്ക് പ്രിയനും സാധാര ണക്കാർക്ക് അപ്രിയനുമായി മാറി.

ഗലീലിയ ആയിരുന്നു മത്തായി ശ്ലീഹായുടെ സ്വദേശം. ഹെൽപ്പയുടെ പുത്രനായ മത്തായി ശ്ലീഹായുടെ ആദ്യ പേര് ലേവി എന്നായി രുന്നു. തളർവാതരോഗിക്ക് സൗഖ്യം നൽകിയ ശേഷം ഗനേസറത്തു തടാക ത്തിന്റെ തീരത്തുകൂടി നടക്കുമ്പോഴാണ് ചുങ്കസ്ഥലത്തിരുന്ന ലേവിയെ ഈശോ അപ്പോസ്തോലന്മാരിൽ ഒരുവനായി വിളിക്കുന്നത്. 'ഈശോ അവ നോടു പറഞ്ഞു, എന്നെ അനുഗമിക്കുക. അവൻ എഴുന്നേറ്റ് ഈശോയെ അനുഗമിച്ചു' (മത്താ 9,9). ദൈവത്തിന്റെ വിളിക്ക് പെട്ടെന്നുള്ള ഉത്തരം എല്ലാ ഉപേക്ഷിച്ചു അവനെ അനുഗമിക്കലാണ്. ലേവി തന്റെ സമ്പാദ്യങ്ങളും സ്ഥാനങ്ങളും ഉപേക്ഷിച്ചു ക്രിസ്തുവിനെ അനുഗമിച്ചു. മാനസാന്തരത്തിന്റെ യഥാർത്ഥ മുഖം. ലേവി എന്ന് വിളിക്കപ്പെട്ടിരുന്നവന് ഈശോ മത്തായി എന്ന പേര് നൽകി.

ഈശോയുടെ ഉത്ഥാനശേഷം മത്തായി ശ്ലീഹായും മറ്റുശിഷ്യന്മാ രെപ്പോലെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സുവിശേഷം അറിയിക്കാൻ ആരംഭിച്ചു. യൂദയായിലും സമീപപ്രദേശങ്ങളിലും ദൈവരാജ്യപ്രഘോഷണം ആരംഭിച്ച് പിന്നീട് കിഴക്ക് ദേശങ്ങളായ പേർഷ്യ, എത്യോപ്യ എന്നിവിടങ്ങളി ലേക്ക് ശ്ലീഹ തന്റെ പ്രേഷിത പ്രവർത്തനം വ്യാപിപ്പിച്ചു എന്ന് വിശ്വസിക്കപ്പെ ടുന്നു. തന്റെ സുവിശേഷത്തിലൂടെ യഹൂദ ആചാരരീതികൾക്ക് പ്രാധാന്യം കൊടുക്കുമ്പോഴും വിജാതീയ ക്രിസ്തുസമൂഹത്തോടുള്ള തുറന്ന മനോഭാ വവും മത്തായി ശ്ലീഹായുടെ യഥാർഥ ക്രിസ്താനുഭവത്തിന് അടിവരയിടു ന്നു.

മത്തായി ശ്ലീഹ പേർഷ്യയിലെ നഡാസർ എന്ന
പട്ടണത്തിൽവെച്ചു രക്തസാക്ഷിയായി മരിച്ചു എന്ന് ചരിത്രകാരന്മാർ
സാക്ഷ്യപ്പെടുത്തുന്നു. വിശുദ്ധിയിൽനിന്ന് അകന്നു കഴിയുന്ന പാപികൾക്ക്
ദൈവത്തിന്റെ കാരുണ്യത്താൽ ജീവിതത്തിൽ അദ്ഭുതകരമായ മാറ്റങ്ങൾ
വരുത്തുവാൻ കഴിയും എന്നുള്ള മാതൃകയാണ് മത്തായി ശ്ലീഹ തന്റെ ജീവി
തത്തിലൂടെ നൽകുന്നതെന്ന് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പറയു
ന്നു. സെപ്റ്റംബർ 21 ന് ആണ് മത്തായി ശ്ലീഹായുടെ തിരുന്നാൾ സഭയിൽ
ആഘോഷിക്കുക. ശ്ലീഹായുടെ മാധ്യസ്ഥം തേടി നമുക്ക് പ്രാർത്ഥിക്കാം,
ക്രിസ്താനുഭവം ജീവിതത്തിൽ യാഥാർഥ്യമാകാൻ, യഥാർത്ഥ
മാനസാന്തരത്തിലൂടെ ക്രിസതുഫലങ്ങൾ പുറപ്പെടുവിക്കുവാൻ, ചങ്കുറ
പ്പോടെ ക്രിസ്തുവിന് സാക്ഷ്യമേകാൻ... മത്തായി ശ്ലീഹായെ, ഞങ്ങൾക്കു
വേണ്ടി അപേക്ഷിക്കണമേ...

തയ്യാറാക്കിയത്,
ഫാ. മാത്യു കറുത്തേടത്ത്
മാനന്തവാടി രൂപത
21-09-2021

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്
Read more: www.syromalabarliturgy.org